**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** **24-02-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്Mohanan**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ആന്റണി ജോൺ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സമവായത്തോടെ മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് എന്ന സംസ്ഥാന നിലപാടിന്റെ അടിസ്ഥാനത്തിൽ തമിഴ് നാട്ടുമായി ചർച്ച നടത്തുന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ; | (എ) | 127 വർഷം പഴക്കമുള്ള ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച ആശങ്കയുള്ളതിനാൽ കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് തമിഴ്നാടിന്റെ അനുമതിയോടെ പുതിയ ഡാം നിർമ്മിക്കുവാനുള്ള അഭിപ്രായം സുപ്രീം കോടതി പുറപ്പെടുവിച്ച അസ്സൽ അന്യായം 3/2006-ലെ 07/05/2014-ലെ വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നിലവിൽ മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാടിനു നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്ന രീതിയിലുമാണ് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നത്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിലെ ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് "കേരളത്തിന് സുരക്ഷ - തമിഴ്നാടിന് ജലം" എന്ന നിലപാട് കേരളം സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നാളിതു വരെ നടന്ന മുഖ്യമന്ത്രിതല ചർച്ചയിലും സെക്രട്ടറിതല ചർച്ചയിലും പുതിയ അണക്കെട്ടിന്റെ നിർമ്മാണം സംബന്ധിച്ച വിഷയം മുന്നോട്ട് വച്ചിരുന്നുവെങ്കിലും ഒരു സമവായത്തിലെത്തുവാൻ നിലവിൽ കഴിഞ്ഞിട്ടില്ല. അടുത്ത് നടക്കുന്ന കേരള തമിഴ്നാട് മുഖ്യമന്ത്രിതല ചർച്ചയിൽ ടി വിഷയത്തിന്മേൽ കൂടുതൽ ചർച്ചകൾ നടത്തി ഇരു കൂട്ടർക്കും സ്വീകാര്യമായ തരത്തിൽ ധാരണയുണ്ടാക്കുന്നതിലേയ്ക്കായുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ മുൻകൈയ്യെടുത്തിട്ടുണ്ട്. |
| (ബി) | പുതിയ അണക്കെട്ടിനായുള്ള പരിസ്ഥിതി ആഘാതപഠനം വേഗത്തിൽ പൂർത്തീകരിക്കാൻ കരാർ കമ്പനിയോട് ആവശ്യപ്പെട്ടുമോ? | (ബി) | പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി, 2018 നവംബർ 14-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം, നിബന്ധനകളോടെ അംഗീകരിച്ച പരിസ്ഥിതി ആഘാതപഠനത്തിനുള്ള പരിഗണനാവിഷയങ്ങൾ |

| | | | |
|---|---|---|---|
| | | | (Terms of Reference (ToR)) അനുസരിച്ച് പരിസ്ഥിതി ആഘാതപഠനം നടത്തി, റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കരാർ ഏറ്റെടുത്ത ഹൈദ്രാബാദ് ആസ്ഥാനമായുള്ള പ്രഗതി ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് ആവശ്യമായ വിവര ശേഖരണം നടത്തി, കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി 23/10/2021 തീയതിയിലെ സർക്കാർ ഉത്തരവ്(സാ.ധാ)നം.560/2021/ജ.വി.വ പ്രകാരം നിയമിച്ച സമിതിയുടെ നിർദ്ദേശമനുസരിച്ച് ആവശ്യമായ തിരുത്തലുകളും പരിഷ്കാരങ്ങളും വരുത്തി, പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനായുള്ള അന്തിമ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുവാൻ കരാർ കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരിഗണനാവിഷയങ്ങളുടെ (ToR) കാലാവധി 4 വർഷമാണ്. |

സെക്ഷൻ ഓഫീസർ